**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - 2017-2018 വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള ശുചിത്വ മിഷൻ പ്ലാൻ പദ്ധതികൾക്ക് 2017-2018 സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിലെ പ്രോജക്ട് നിർവ്വഹണത്തിനാവശ്യമായ തുക മാറി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1549/2017/തസ്വഭവ തിരുവനന്തപുരം, തീയതി 12.05.2017

---

പരാമർശം :- 1. സ.ഉ (സാധാ) നം. 1096/17/തസ്വഭവ തീയതി 06.04.2017
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.05.2017 - ലെ 2434/B1/2016/SM നമ്പർ കത്ത്

**ഉത്തരവ്**

2017-2018 വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ടിട്ടുള്ള ശുചിത്വ കേരളം (റൂറൽ) പദ്ധതികൾക്ക് 5167 ലക്ഷം രൂപ കണക്കു ശീർഷകം 2515-00-101-68 -ൽ വകയിരുത്തിയും ശുചിത്വ കേരളം (അർബൻ) പദ്ധതികൾക്ക് 1909 ലക്ഷം രൂപ കണക്കു ശീർഷകം 2217-80-800 -71 ൽ വകയിരുത്തിയും വിവിധ പ്ലാൻ സ്കീമുകൾ 2017-2018 സാമ്പത്തിക വർഷം നിർവഹിക്കുന്നതിന് പരാമർശം 1 പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു.

2. ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം(അർബൻ)പദ്ധതികളിൽ 2017-2018 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചിരിക്കുന്ന തുകകളിൽ നിന്നും പ്രസ്തുത സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിൽ പ്രോജക്ട് നിർവഹണത്തിനായി ചെലവ് ചെയ്യേണ്ട തുക, അതാതു കണക്കു ശീർഷകത്തിൽ നിന്നും വെള്ളയമ്പലം സബ് ട്രഷറിയിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 2-ലേക്ക് മാറി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 2017-2018 വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ടിട്ടുള്ള ശുചിത്വ കേരളം (റൂറൽ) ( കണക്കു ശീർഷകം 2515-00-101-68); ശുചിത്വ കേരളം (അർബൻ) (കണക്കു ശീർഷകം 2217-80-800-71 ) പദ്ധതികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ള ആകെ തുകയുടെ നാലിൽ ഒന്ന് തുക

അതാതു കണക്കു ശീർഷകത്തിൽ നിന്നും (കണക്കു ശീർഷകം 2515-00-101-68-ൽ നിന്നും 1291.75 ലക്ഷം രൂപയും കണക്കു ശീർഷകം 2217-80-800-71-ൽ നിന്നും 477.25 ലക്ഷം രൂപയും) 2017-2018 സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിൽ പ്രോജക്റ്റ് നിർവ്വഹണത്തിനുവേണ്ടി ചെലവഴിക്കുന്നതിനായി, വെള്ളയമ്പലം സബ് ട്രഷറിയിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 2-ലേക്ക് മാറി നൽകുന്നതിന് യഥാക്രമം പഞ്ചായത്ത് ഡയറക്ടർക്കും, നഗരകാര്യ ഡയറക്ടർക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**റ്റി.കെ ജോസ്**
**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ട്രഷറി വകുപ്പ് ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ധനകാര്യ വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ